"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - കോട്ടയം നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ മരണപ്പെട്ട പി.എസ് കൃഷ്ണൻകുട്ടിയുടെ മകൻ ശ്രീ. പി കെ രഞ്ജിത്ത് - സമാശ്വാസ തൊഴിൽ ദാന പദ്ധതിയ്ക്കുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ.യു) വകുപ്പ്**

**സ.ഉ.(സാധാ) നം.82/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/01/2021

---

പരാമർശം:- 1. 24/05/1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.പ.ഭ.വ നമ്പർ ഉത്തരവ്.

2. ശ്രീ. പി കെ രഞ്ജിത്തിന്റെ 25.07.2017 തീയതിയിലെ ആശ്രിത നിയമനത്തിനുള്ള അപേക്ഷ.
3. ശ്രീ. പി കെ രഞ്ജിത്തിന്റെ 03/01/2019 തീയതിയിലെ മാപ്പപേക്ഷ.
4. നഗരകാര്യ ഡയറക്ടറുടെ 26/02/2020 തീയതിയിലെ ഇ4-34229/2017 നമ്പർ കത്ത്.
5. 18/05/2004 തീയതിയിലെ 6678/ഉ.പസി/2004/ ഉ.പ.ഭ.വ നമ്പർ സർക്കുലർ

<u>ഉത്തരവ്</u>

കോട്ടയം നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 14.04.2015 തീയതിയിൽ മരണപ്പെട്ട പി.എസ് കൃഷ്ണൻകുട്ടിയുടെ , മകൻ ശ്രീ. പി കെ രഞ്ജിത്ത് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചത് 25.07.2017 നാണ്. പരാമർശം 1 ലെ ഉത്തരവനുസരിച്ച് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി അപേക്ഷകൻ മേജർ ആയതിനാൽ മരണത്തീയതി മുതൽ 2 വർഷക്കാലയളവാണ്. എന്നാൽ ശ്രീ. പി കെ രഞ്ജിത്ത് സമയപരിധി കഴിഞ്ഞ് 37 ദിവസം കഴിഞ്ഞാണ് അപേക്ഷ സമർപ്പിച്ചത്. മേൽ കാലതാമസം മാപ്പാക്കി നല്കണമെന്നാവശ്യപ്പെട്ടിയാൻ പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയത് പരാമർശം 4 പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിശ്ചിത കാലപരിധിക്കുള്ളിൽ നേടിയിട്ടുണ്ടായിരുന്ന യോഗ്യത അനുസരിച്ചുള്ള ജോലിക്കു മാത്രമേ പരിഗണിക്കാനാവൂ എന്ന നിബന്ധനയിൽ ,സമാശ്വാസ തൊഴിൽദാന പദ്ധതി സംബന്ധിച്ച്

നിലവിലുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി, കോട്ടയം നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ പി.എസ് കൃഷ്ണൻകുട്ടിയുടെ മകൻ ശ്രീ. പി കെ രഞ്ജിത്ത് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം .

സെക്രട്ടറി,കോട്ടയം നഗരസഭ .

ശ്രീ. പി കെ രഞ്ജിത്ത്,പുതുപറമ്പിൽ ഹൗസ്,മാലം പി ഒ,മണർകാട്,കോട്ടയം 686019

ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ